കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)2026/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN : 680020 Dated 22.11.2016
Ph. No. 0487 2331249
e-mail. Id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടാഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കൊണ്ടാഴി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-4 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-2,3-7,3-14 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)2026/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.
PIN : 680020 Dated 22.11.2016
Ph. No. 0487 2331249
e-mail. Id : dotsr.ksad@kerala.gov.in

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.02.2016 മുതൽ 30.09.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,1.4.15 മുതൽ 31.3.16 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29

അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ചും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 02.11.16 മുതൽ 09.11.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്,<br>ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ)<br>കെ.എം.ഷാജിത,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിഷ.ആർ, ഓഡിറ്റർ<br>ശ്രീ.ജിജീഷ്.എ.കെ, ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പ്രസാദ് ചന്ദ്രൻ | 01.04.15 മുതൽ 31.10.15 വരെ |
| ഭരണ നിർവഹണ കമ്മിറ്റി | ശ്രീ.കെ.ബി.രെജി<br>(സെക്രട്ടറി)<br>ശ്രീമതി.കെ.പത്മജ<br>(ICDS സൂപ്പർവൈസർ)<br>ശ്രീമതി.ജൂലി ജോർജ് | 01.11.15 മുതൽ 18.11.15 വരെ |

| | | |
|---|---|---|
| | (കൃഷി ഓഫീസർ) | |
| പ്രസിഡന്റ് | ശ്രീമതി .ആർ.ശ്രീദേവി | 19.11.15 മുതൽ 31.03.16വരെ |
| സെക്രട്ടറി | ശ്രീ.ജോയ്.സി.എൽ | 01.04.14 മുതൽ24.07.15വരെ |
| | ശ്രീമതി.ബിന്ദു.ടി.എൻ(ചാർജ്) | 25.07.15 മുതൽ26.07.15 വരെ |
| | ശ്രീ.വി.ആന്റണി | 27.07.15 മുതൽ30.07.15 വരെ |
| | ശ്രീ.കെ.ബി.രെജി | 31.07.15മുതൽ 05.08.15 വരെ |
| | ശ്രീമതി.ബിന്ദു.ടി.എൻ(ചാർജ്) | 06.08.15മുതൽ30.09.15 വരെ |
| | ശ്രീ.കെ.ബി.രെജി | 01.10.15 മുതൽ 04.02.16.വരെ |
| | ശ്രീമതി.ബിന്ദു.ടി.എൻ(ചാർജ്) | 05.02.16മുതൽ31.03.16.വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| --- | --- | --- |
| അസിസ്റ്റന്റ് സെക്രട്ടറി | ഡോ.ബിന്ദു.ടി.എൻ | 1.4.15മുതൽ 31.3.16വരെ |
| കൃഷി ഓഫീസർ | ശ്രീ.ജോയി ജോർജ് | 01.04.2015മുതൽ 31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ബെന്നിസൺ പോൾ | 01.04.2015മുതൽ 07.02.2016വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.കൊണ്ടാഴി | ഡോ.ബിന്ദു | 01.04.2015മുതൽ 15.04.2015വരെ |
| | ഡോ.അനില | 16.04.2015മുതൽ 20.05.2015വരെ |
| | ഡോ.ബിന്ദു | 21.05.2015മുതൽ 27.03.2016വരെ |

| | | |
|---|---|---|
| | | |
| | ഡോ.അനില | 28.03.2016മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ജയമ്മ ജോസഫ് | 01.04.2015മുതൽ 25.08.2015വരെ |
| | ഡോ.ജയമ്മ ജോസഫ് (ഫുൾ അഡീഷൻ ചാർജ്) | 26.08.2015മുതൽ 24.09.2015FN വരെ |
| | ഡോ.സന്തോഷ്.കെ | 24.9.15AN മുതൽ 29.11.2015വരെ |
| | ഡോ.ജയമ്മ ജോസഫ് (ഫുൾ അഡീഷൻ ചാർജ്) | 30.11.2015 മുതൽ 31.12.2015 വരെ |
| | ഡോ.സന്തോഷ്.കെ | 01.12.2015 മുതൽ 31/03/2016വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.എഡിസൺ.പി | 01.04.2015മുതൽ 31.03.2016വരെ |
| വി.ഇ.ഒ | ശ്രീ.പ്രവീൺ.ഇ | 01.04.2015മുതൽ 31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുരേഷ് കുമാർ.കെ | 01.04.2015 മുതൽ 31.03.2016വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി പ്രസന്നകുമാരി അമ്മ | 01.04.2015മുതൽ 17.09.2015വരെ |
| | ശ്രീമതി.പത്മജ.കെ | 18.09.2015മുതൽ 31.03.2016വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | ശ്രീമതി.വസന്തകുമാരി.ടി | 01.04.2015മുതൽ 31.03.2016വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ്എൻജിനിയർ | ശ്രീ.ഷനൂബ്.എം.ജി | 01.04.2015മുതൽ 28.05.2015വരെ |
| | ശ്രീമതി.ശകുന്തള.എം.കെ | 29.05.2015മുതൽ 31.03.2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല | 2-1 |
| 13 | ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല | 2-2 |
| 14 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-3 |
| 15 | അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ് പരിശോധന നടത്തുന്നില്ല | 2-4 |
| 16 | പെർമിറ്റ് ഫീ ഈടാക്കിയില്ല/കുറവായി ഈടാക്കി | 2-5 |
| 17 | സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി | 2-6 |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |
| 19 | ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-8 |
| 20 | തൊഴിൽനികുതി-തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-9 |

| | | |
|---|---|---|
| 21 | ഡി.ആന്റ് ഒ ലൈസൻസ് പരാമർശങ്ങൾ | 2-10 |
| | ഭാഗം 3 | |
| 22 | പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല | 3-1 |
| 23 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം തൃപ്തികരമല്ല | 3-2 |
| 24 | പൊതുമരാമത്ത് മേഖല- വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല | 3-3 |
| 25 | പൊതുമരാമത്ത് മേഖല- പൂർത്തീകരിക്കാത്ത പ്രൊജക്ടുകൾ | 3-4 |
| 26 | ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ | 3-5 |
| 27 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3-6 |
| 28 | എസ്.സി/എസ്.ടിവിദ്യാർത്ഥികൾക്ക് ഫർണിച്ചർ(പ്രൊ.നം.s039/16)വാങ്ങി നൽകൽ- മാർഗ്ഗ രേഖയിലെ നിബന്ധനപാലിച്ചില്ല. | 3-7 |
| 29 | അക്ഷയ സബ്സെന്ററിനു കാബിൻ- പ്രവർത്തനസജ്ജമാക്കിയില്ല | 3-8 |
| 30 | വീട്ടിക്കുന്ന് നഴ്സറി സ്കൂൾ ഭക്ഷണപരിപാടി-പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല | 3-9 |
| 31 | ഐ.എ.വൈ.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 |

| | | |
|---|---|---|
| 32 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-സംയുക്ത പ്രൊജക്ടിന്റെ സാധ്യത പരിശോധിച്ചില്ല | 3-11 |
| 33 | ഭവനനിർമ്മാണം,ഭവനപുനരുദ്ധാരണം-പൊതു അപാകതകൾ | 3-12 |
| 34 | ഭവനനിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല | 3-13 |
| 35 | ഭവനനിർമ്മാണം (വനിത)-തറവിസ്തൃതി അധികരിച്ച് നിർമ്മാണം പൂർത്തിയാക്കി | 3-14 |
| 36 | തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. | 3-15 |
| 37 | ആശ്രയ-വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നില്ല | 3-16 |
| 38 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം അധികം നൽകി | 3-17 |
| 39 | കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് -കൈപ്പറ്റ് രശീതി ലഭ്യമായില്ല. | 3-18 |
| 40 | വയറിംഗ് പ്രവൃത്തിയിലെ അപാകതകൾ | 3-19 |
| 41 | ഭിന്ന ശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ്-നിർവഹണത്തിലെ അപാകതകൾ | 3-20 |
| 42 | പാലിയേറ്റീവ് കെയർ തുക നൽകുന്നതിലെ അപാകതകൾ | 3-21 |
| 43 | പി.എം.സി.മീറ്റീങ്ങ് രണ്ടുമാസത്തിലൊരിക്കൽ നടത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല. | 3-22 |

| | | |
|---|---|---|
| 44 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3-23 |
| 45 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 3-24 |
| | ഭാഗം 4 | |
| 46 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 47 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 50 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 51 | ഓഡിറ്റ് റിക്കവറി | 4-6 |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 ലെ തിയതിയിലെ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് 106928451/-രൂപയും പ്രതീക്ഷിത ചെലവ് 105189300/-രൂപയും ആണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 07/2016 | 30.07.2016 |

# 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

കൊണ്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയും പഞ്ചായത്തിലെ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ഒഴികെ കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിച്ചിട്ടുണ്ട്.

1) പഞ്ചായത്ത് പരിധിയിലുള്ള ആസ്തികൾ സംബന്ധിച്ച വിവരം സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല

*(ഓഡിറ്റ് സർട്ടിഫിക്കറ്റ് ,ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14785132

വരവ് - 36715373

ആകെ - 51500505

ചെലവ് -45766870

നീക്കിയിരിപ്പ് - 5733635

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രഡിറ്റ് തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1195242 | 8289217* | 9484459 | 8890111 | 594348 (ലാപ്സായ തുക) | 6187541 |
| വികസനഫണ്ട് എസ്.സി.പി. | 2666620 | 5308915 | 7975535 | 7975535 | 0 | 141874 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 24318 | 3934545 | 3958863 | 3958863 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 741274 | 1012781 | 1754055 | 1704055 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 675905 | 4714524 | 5390429 | 5390429 | 0 | 2257230 |
| ലോക ബാങ്ക് ധനസഹായം | 2527553 | 2091280 | 4618833 | 4618833 | 0 | 2511567 |

* കൺസോളിഡേറ്റിൽ നിന്നുള്ള ചെലവ്(2101676)+ ട്രാൻസ്ഫർ ക്രഡിറ്റ് തുക (6187541)

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | | 119 | | 11 | 45 | 68 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 54.7% കുറവ് ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3314839 | 1933835 | 1381004 | 41.6(-) |
| നികുതിയേതര വരവുകൾ | 823623 | 527870 | 295753 | 36 |
| മറ്റുവരവുകൾ<br>മണൽ-9900<br>ടെണ്ടർ ഫോറം-68920<br>മറ്റ് ഫോറം-759<br>ലേലം -14015<br>മറ്റ് വിൽപന-100 | 1517597 | 98094 | 1419503 | 93.5(-) |
| ആകെ | 5656059 | 2559799 | 3096260 | 54.7 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 245160 | -- |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5680200 | 784 |
| വിധവാപെൻഷൻ | 9984320 | 1036 |
| വാർദ്ധക്യകാലപെൻഷൻ | 8712570 | 1196 |
| വികലാംഗപെൻഷൻ | 3027100 | 310 |
| അവിവാഹിത പെൻഷൻ | 1735920 | 179 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2016ന് 3pm ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7107/- (ഏഴായിരത്തി ഒരുന്നൂറ്റി ഏഴ് രൂപ) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

കൊണ്ടാഴി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ,ഫയലുകൾ എന്നിവ കൃത്യമായി സൂക്ഷിക്കാനും രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിവയ്ക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തിരജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ പ്രവർത്തനത്തിന് തനതു വരുമാനം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ പ്രവർത്തനം നടത്തേണ്ടതാണ്.യഥാസമയം വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കാനും പരസ്യനികുതി ബൈലോ അംഗീകാരം വാങ്ങി ആ ഇനത്തിലുള്ള വരവുൾപ്പെടെ എല്ലാതരം നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് തനതു വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-09-2016 മുതൽ 06-09-2016 വരെ | ജൂലൈ,ആഗസ്റ്റ്/2016 | 19.10.2016 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.12.2010 | 2005-06മുതൽ 2009-10വരെ | 31.01,2011 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 200- ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾക്ക് താഴെ പറയുന്ന നികുതികൾ ചുമത്താൻ അനുമതിയുണ്ട്.

1. വസ്തു നികുതി
2. സേവന നികുതി
3. വിനോദനികുതി
4. പരസ്യനികുതി
5. തൊഴിൽ നികുതി

എന്നാൽ 2015-16 വർഷത്തിലെ ബജറ്റിൽ വസ്തു നികുതി,തൊഴിൽ നികുതി, വിനോദനികുതി എന്നിവക്ക് പുറമെ പരസ്യനികുതി കൂടി പിരിച്ചെടുക്കാൻ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ ഈ വർഷത്തിൽ പരസ്യനികുതി പിരിച്ചെടുത്തിട്ടില്ല. സേവനനികുതി പിരിച്ചെടുക്കാൻ ഈ ബജറ്റിലും നിർദ്ദേശങ്ങളില്ല. പരസ്യനികുതി ഈടാക്കുന്നതിനായി തയ്യാറാക്കിയ കരട് ബൈലോക്ക് 11.7.2014 ലെ 24ാം നമ്പറിലുള്ള തീരുമാനപ്രകാരം ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടിയെടുക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

തനത് വരുമാനം വർദ്ധിപ്പിക്കാൻ മറ്റൊരു ക്രിയാത്മക നിർദ്ദേശവും 2015-16വർഷത്തെ ബജറ്റിലില്ല. നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇക്കാര്യം അനന്തരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംങ്ങ് കമ്മിറ്റികൾ,സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മേൽ പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി 12.02.15 ലെ 5ാം നമ്പർ തീരുമാനപ്രകാരം സർക്കാർ നിർദ്ദേശിച്ച രീതിയിൽ പുതുക്കിയ ഫോർമാറ്റിൽ ബജററ്

തയ്യാറാക്കുന്നതിന് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിരുന്നു. 23.02.15 ലെ ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി യോഗത്തിൽ ബജറ്റിന്റെ കരട് രൂപം തയ്യാറാക്കുകയും ആയത് ചർച്ച ചെയ്യുകയും ഭേദഗതികൾ അംഗീകരിച്ച് പൂർണ്ണരൂപത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. 20.3.15ലെ ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി യോഗത്തിൽ പുതിയ രൂപത്തിൽ തയ്യാറാക്കിയ ബജറ്റ് വിശദമായി ചർച്ച ചെയ്യുകയും കുടിവെള്ളമേഖലയിലെ ഭേദഗതിനിർദ്ദേശങ്ങൾ അംഗീകരിച്ച് ബജറ്റ് അന്തിമമാക്കുകയും ചെയ്തു.

ഭരണസമിതി 30.3.15ലാണ് ബജറ്റ് അംഗീകരിച്ചിരിക്കുന്നത്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഫയലുകളൊന്നും സൂക്ഷിച്ചിട്ടില്ല.

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇവ തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/(+) | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| കെട്ടിട നികുതി | 2500000 | 2341919 | -158081 | (-)6 |
| തൊഴിൽ നികുതി | 1000000 | 842650 | -157350 | (-)16 |
| വാടക | 9588 | 9588 | 0 | 0 |
| ഡി&ഒ | 50000 | 32450 | -17550 | (-)35 |
| വിനോദ നികുതി | -- | --- | --- | -- |
| പെർമിറ്റ് ഫീ | 60000 | 47537 | -12463 | (-)21 |
| ലേലം | 25000 | 14015 | -10985 | (-)44 |

| | | | | |
|---|---|---|---|---|
| പരസ്യനികുതി | 25000 | ---- | -25000 | (-)100 |
| മറ്റ് വസ്തുക്കളുടെ വില്പന | 7500000 | 9900 | -7490100 | (-)99.8 |

ലേലം,പെർമിറ്റ് ഫീ,ഡി&ഒ എന്നീ ഇനങ്ങളിൽ ബജറ്റും യഥാർത്ഥ ഡിമാന്റുകളും തമ്മിൽ പ്രകടമായ അന്തരമുണ്ട്. എന്നാൽ മറ്റ് വസ്തുക്കളുടെ വിൽപന ഇനത്തിൽ (മണൽ വിൽപന) പഞ്ചായത്ത് പ്രതീക്ഷിച്ചിരുന്ന 7500000 രൂപയുടെ സ്ഥാനത്ത് 9900 രൂപ മാത്രമേ പഞ്ചായത്തിന് വരുമാനമുള്ളൂ. ഭാരതപുഴയിൽ നിന്നുള്ള മണൽ വിൽപന നിരോധിക്കപ്പെട്ടതുമൂലം ഈയിനത്തിൽ പഞ്ചായത്തിന്റെ വരുമാനം ഓരോ വർഷവും കുറഞ്ഞുവരികയാണ്. എന്നാൽ പഞ്ചായത്താകട്ടെ പുതിയ വരുമാനമാർഗ്ഗങ്ങളൊന്നും വികസിപ്പിച്ചെടുത്തിട്ടുമില്ല.

ബജറ്റ് പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം തനത് വരുമാനമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധചെലുത്തേണ്ടതാണ്.

## 2-3 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു. പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ടെണ്ടർ ഫോം വില | ഇ ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1. | 111/16-കാട്ടാളത്ത് കോളനി 86 ാം നമ്പർ അംഗൻവാടി നിർമ്മാണം | 8 ലക്ഷം | 1600 | 1 | 1x1600 =1600 |
| 2. | 140/16-പാറമേൽപ്പടി അംഗൻവാടി 83ാം നമ്പർ കെട്ടിട നിർമ്മാണം | 610000 | 1220 | 1 | 1x1220 =1220 |
| 3. | എം.പി.എൽ.എ.ഡി.എസ് മായന്നൂർ ചക്കാംതൊടി കുടിവെള്ളപദ്ധതി | 997791 | 2100 | 1 | 1X2100 =2100 |
| 4. | എം.പി.എൽ.എ.ഡി.എസ് ആയുർവേദ ഡിസ്പെൻസറി മതിൽ, ട്രസ്സ് നിർമ്മാണം | 780000 | 1560 | 1 | 1x1560 =1560 |
| 5. | 112/16, രശ്മി നഗർ വായനശാല കെട്ടിട നിർമ്മാണം | 7ലക്ഷം | 1400 | 1 | 1X1400= 1400 |
| ആകെ | | | | | 7880 |

## 2-4 അനധികൃത കെട്ടിടനിർമ്മാണം-ഫീൽഡ് പരിശോധന നടത്തുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 133(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix-j form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്.ആയതു പ്രകാരം 2015-16ൽ 42കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 പെർമിറ്റ് ഫീ ഈടാക്കിയില്ല/കുറവായി ഈടാക്കി

2015-16 കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിച്ച താഴെ പറയുന്ന അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കാതെയും കുറവ് ഫീ ഈടാക്കിയും പെർമിറ്റ് അനുവദിച്ചതായി കാണുന്നു.

| അപേക്ഷകൻ | പെർമിറ്റ് നം | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| രമേഷ്ഉണ്ണികൃഷ്ണൻ പള്ളത്ത് | c-420/16 dt 21.1.16 | വാസഗൃഹം | $120.44m^2$ | ----- | 120.44x3 =361 | 361 |
| മോഹനനൻ, s/oബാല സുബ്രഹ്മണ്യൻ ചെട്ടിയാർ, പാറമേൽപടി തെരുവ് | c3-4959/15 dt 28.10.15 | വാസഗൃഹം | $321m^2$ | 337 | 321x3 =963 | 626 |
| | | | | | ആകെ | 987 |

കുറവായി ഈടാക്കിയ തുക ഈടാക്കേണ്ടതാണ്.

## 2-6 സർക്കാർ ഉത്തരവിനു വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.4.15ലെ ജി.ഒ.(എം.എസ്)144/15ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 660 സ്ക്വയർ ഫീറ്റ് (62 $m^2$)വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16സാമ്പത്തികവർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടത്തിന്റെ വിവരം താഴെ കൊടുക്കുന്നു.(സെക്രട്ടറി അംഗീകരിച്ച് ഒഴിവാക്കി നൽകിയ കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം)

| കെട്ടിട ഉടമ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കേണ്ട വസ്തുനികുതി-ച.മീറ്ററിന് 5/-രൂപ പ്രകാരം | ലൈബ്രറി സെസ്-വസ്തുനികുതിയുടെ 5% |
|---|---|---|---|---|
| മായൻകുട്ടി & മിസ് രിയ, കുളത്തിങ്കൽ | X/109 | 88.05$m^2$ | 88.05X5= 440 | 22 |
| | | ആകെ | 440 | 22 |

വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടത്തെ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും, 2015-16 സാമ്പത്തിക വർഷത്തിൽ ഒഴിവാക്കി നൽകിയ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൻ വർഷത്തിൽ സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ചെറവന്നൂർ ഫൈനാൻസ്,മായന്നൂർ | ഒന്നും രണ്ടും |
| 2 | ഹാന്റ് ലൂം വീവേഴ്സ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി | ഒന്നും രണ്ടും |
| 3 | ജില്ലാ സഹകരണ ബാങ്ക്,മായന്നൂർ ബ്രാഞ്ച് | ഒന്നും രണ്ടും |

| | | |
|---|---|---|
| 4 | പി .എൻ. വൈ .സഭ ഫൈനാൻസ് ലിമിറ്റഡ് | രണ്ട് |

സ്ഥാപനതൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2015-16സാമ്പത്തികവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ഗ്രേസ് ഫൈനാൻസ്,കൊണ്ടാഴി | ഒന്നും രണ്ടും |
| ക്ഷീരോൽപ്പാദക സഹകരണ സംഘം,കൊണ്ടാഴി | ഒന്നും രണ്ടും |
| പോസ്റ്റ് ഓഫീസ്,ചേലക്കോട് | ഒന്നും രണ്ടും |
| നിർമ്മിതി കേന്ദ്രം,കൊണ്ടാഴി | രണ്ട് |
| ഡി.ജെ പ്ലാന്റേഷൻ | രണ്ട് |
| കോലഞ്ചേരി പ്ലാന്റേഷൻ | രണ്ട് |
| മൾട്ടി പർപ്പസ് കൊ-ഓപ്പറേറ്റീവ് സൊസൈറ്റി,കൊണ്ടാഴി | രണ്ട് |

| | |
|---|---|
| മായന്നൂർ ദേവസ്വം ഓഫീസ് | രണ്ട് |

മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-9 തൊഴിൽനികുതി-തനതു വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ 208 സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്.പഞ്ചായത്ത് രാജ് വകുപ്പ് 205 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ പത്രിക ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി നോട്ടീസ് നൽകേണ്ടതാണ്.നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേര് വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996ലെ കേരള പഞ്ചായത്ത് രാജ്(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5ലെ മാതൃകയിൽ തയ്യാറാക്കി കാലികമായി സൂക്ഷിക്കേണ്ടതാണ്.സ്ഥാപനമുടമകൾ നിർദ്ദിഷ്ടസമയങ്ങളിൽ മുഴുവൻ ജീവനക്കാരുടേയും തൊഴിൽനികുതി റിട്ടേൺ സമർപ്പിക്കുന്നുണ്ടെന്നും തൊഴിൽനികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് സെക്ഷൻ 205(ബി) പ്രകാരം ഡിമാന്റ് നോട്ടീസ് നൽകി മറുപടികളെ അടിസ്ഥാനപ്പെടുത്തി ഈ സ്ഥാപനങ്ങളെ\ ആളുകളെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 2-10 ഡി.ആന്റ് ഒ ലൈസൻസ് പരാമർശങ്ങൾ

1.ലൈസൻസ് ഫീ കുറവായി ഈടാക്കി

ഡി&ഒ അപേക്ഷ പ്രകാരം കെ.എം ഫ്യുവൽസിന്റെ ഒരു ദിവസത്തെ മൊത്തം വിറ്റു വരവ് 50000/- രൂപ ആണ്.ലൈസൻസ് ഫീ ആയി കുറഞ്ഞത് 1000/- ഈടാക്കാവുന്നതാണ്.

| അപേക്ഷ നം | അപേക്ഷക | സ്ഥാപനം | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 24 | റസിയ അൻവർ | കെ.എം ഫ്യുവൽസ് | 500 | 1000 | 500 |

കുറവു വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ഡി&ഒ ലൈസൻസ് പുതുക്കുമ്പോൾ നിർബന്ധമായും ഹെൽത്ത് ഇൻസ്പെക്ടർ ഫീൽഡ് പരിശോധന നടത്തേണ്ടതാണ്.അപേക്ഷ സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ ചേർക്കുകയും വേണം .കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ പല ലൈസൻസുകളും പുതുക്കിയിട്ടുള്ളത് ഹെൽത്ത് ഇൻസ്പെക്ടർ ഫീൽഡ് പരിശോധന നടത്താതെയാണ്.ചട്ടങ്ങൾ പാലിക്കേണ്ടതാണ്

3. ഭക്ഷ്യോൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന ലൈസൻസികളിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നുള്ള സാനിട്ടറി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ,ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ് സ്ഥലമുടമ അല്ലെങ്കിൽ വാടകക്കരാറിന്റെ പകർപ്പ്,നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ളാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുകയും വിൽപ്പന നടത്തുകയില്ലെന്നുമുള്ള സത്യവാങ്മൂലം , സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിട്ടുണ്ടെന്ന സത്യവാങ്മൂലം എന്നിവ വാങ്ങേണ്ടതാണ്.എന്നാൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഇത് പാലിക്കാതയാണ് ഭൂരിഭാഗം ഹോട്ടലുകൾക്കും മറ്റ് ഭക്ഷ്യോൽപ്പാദന സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ളത്.ഈ കാര്യത്തിൽ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല</u>

2015-16 വർഷത്തിൽ ലഭ്യമായ ഫണ്ടിന്റേയും നടത്തിയ ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഫണ്ടിനം | വകയിരുത്തിയത് ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 9309434 | 8890111 | 95.49 |
| 2 | എസ് സി പി | 9709620 | 6556791 | 67.5 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3824923 | 3133199 | 81.9 |
| 4 | ലോകബാങ്ക് | 2527553 | 2107266 | 83.37 |
| 5 | ടി എസ് പി | 2000 | ----- | തുക തിരിച്ചടച്ചു |
| 6 | കേന്ദ്രസഹായം | 1140000 | 30800 | 2.7 |

| | | | | |
|---|---|---|---|---|
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 3173274 | 1492781 | 47 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4247318 | 4220137 | 99 |
| 9 | തനത് ഫണ്ട് | 7677481 | 3080598 | 40.12 |
| 10 | ബ്ലോക്ക് വിഹിതം | 125000 | ----- | --- |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 625000 | 612206 | 97.99 |
| 12 | സംസ്ഥാനാവിഷ്കൃതഫണ്ട് | 4155000 | 0 | 0 |

സംസ്ഥാനാവിഷ്കൃതഫണ്ട്, ബ്ലോക്ക് വിഹിതം എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക ലഭ്യമായിട്ടില്ല. റോഡ് സംരക്ഷണഗ്രാന്റ് 99ശതമാനവും വികസനഫണ്ട് ജനറൽ 95.49ശതമാനവും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പട്ടികജാതിവികസനഫണ്ട്, റോഡിതര സംരക്ഷണഗ്രാന്റ് എന്നിവ 60 ശതമാനത്തിൽ താഴെ മാത്രമേ ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുള്ളൂ. ലഭ്യമായ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

## 3-2 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം തൃപ്തികരമല്ല

തൻവർഷം 12 നിർവ്വഹണഉദ്യോഗസ്ഥർ പഞ്ചായത്തിന്റെ പദ്ധതികൾ നിർവഹിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖലാ ചുമതലകൾ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ, സേവനം മെച്ചപ്പെടുത്തൽ | 30 | 18 | 6269827 | 3698547 | 59 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കൃഷി ഓഫീസർ | കൃഷിയും അനുബന്ധ മേഖലയും | 1 | 1 | 2390000 | 1639150 | 69 |
| 3 | വെറ്റിനററി സർജൻ | മൃഗസംരക്ഷ ണവും ക്ഷീര വികസനവും | 2 | 1 | 1330000 | 870000 | 65 |
| 4 | വി.ഇ.ഒ | ചെറുകിട വ്യവസായം | 4 | 3 | 8853000 | 6292500 | 71 |
| | വി.ഇ.ഒ | പട്ടികജാതി വികസനം,പട്ടിക വർഗ്ഗ വികസനം | 1 | 1 | 580000 | 580000 | 100 |
| 5 | എ.ഇ | പൊതു മരാമത്ത് | 87 | 71 | 15205754 | 11300805 | 74 |
| | എ.ഇ | 1.കുടിവെള്ളം<br>2.ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പടെ<br>3. ഊർജ്ജം | 30 | 15 | 8689733 | 1689357 | 19 |
| 6 | I.C.D.S. സൂപ്പർവൈസർ | സാമൂഹ്യ ക്ഷേമം | --- | --- | ----- | ---- | ---- |
| | I.C.D.S. സൂപ്പർവൈസർ | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 4 | 3 | 2056700 | 1287150 | 63 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ | ആരോഗ്യം | 5 | 5 | 930000 | 929389 | 99.9 |
| 8 | ഹെഡ് മാസ്റ്റർ | വിദ്യാഭ്യാസം | 3 | 3 | 975245 | 725245 | 74 |
| 9 | അസി. സെക്രട്ടറി | ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പടെ) | 6 | 5 | 4738844 | 2458690 | 52 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | | 1 | 1 | 400000 | 400000 | 100 |
| 11 | മെഡിക്കൽ ഓഫീസർ | ഹോമിയോ | 1 | 1 | 180000 | 180000 | 100 |
| 12 | മെഡിക്കൽ ഓഫീസർ | ആയുർവേദം | 1 | 1 | 300000 | 300000 | 100 |

സെക്രട്ടറി,കൃഷിഓഫീസർ,വെറ്ററിനറി സർജൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവർ വകയിരുത്തിയ തുകയുടെ 70%ത്തിൽ താഴെയാണ് ചെലവഴിച്ചിട്ടുള്ളത്. കുടിവെള്ളം,ശുചിത്വം മേഖലയിൽ വകയിരുത്തിയ തുകയുടെ 19% തുക മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. നാമമാത്രമായി പ്രൊജക്ടുകൾ നിർവ്വഹിച്ച മെഡിക്കൽ ഓഫീസർമാർ,ഡയറി ഫാം ഇൻസ്ട്രക്ടർ എന്നിവർക്ക് മാത്രമാണ് 100% ഫണ്ടും ചെലവഴിക്കാനായത്. പദ്ധതിപണം പൂർണ്ണമായി ചെലവഴിക്കുന്നതിന് നിർവഹണഉദ്യോഗസ്ഥർക്ക് സാധ്യമാകാത്തതിന്റെ കാരണം കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 പൊതുമരാമത്ത് മേഖല- വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ,വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ,ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|

| | | | |
|---|---|---|---|
| | (₹) | (₹) | |
| പ്രൊജക്ടുകൾ | 117 | 86 | 73.5 |
| തുക | 23895487 | 12990162 | 54.36 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 73.5% പ്രൊജക്ടുകളിൽ തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 54.36 % തുകയാണ് ചെലവഴിച്ചിട്ടുള്ളത്. 35 പ്രൊജക്ടുകൾ സ്പിൽ ഓവറായി.കുറഞ്ഞ ധനവിനിയോഗത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ വിശദീകരണത്തിൽ സ്റ്റാഫിന്റെ പരിമിതിയും പ്രൊജക്ടുകളുടെ ബാഹുല്യവുമാണ് കാരണമായി ചൂണ്ടികാണിച്ചത്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ആകെ 3 ജീവനക്കാർ മാത്രമാണുള്ളത്. തൻവർഷം 117 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചു. ഒരു എഞ്ചിനീയറും പരിമിതമായ സ്റ്റാഫും വെച്ച് ഇത്രയും പ്രൊജക്ടുകൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടാണ്. മാത്രമല്ല പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുവാൻ സൈറ്റ് സന്ദർശിക്കാൻ കഴിയാത്തതുമൂലം സാധിക്കുകയുമില്ല. കുറഞ്ഞ തുക വകയിരുത്തി കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതാണ് പ്രൊജക്ടുകളുടെ ബാഹുല്യത്തിന് ഒരു കാരണം. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും ചെയ്യുന്നു.

മേൽ വിഷയങ്ങൾ നടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 3-4 പൊതുമരാമത്ത് മേഖല- പൂർത്തീകരിക്കാത്ത പ്രൊജക്ടുകൾ

2015-16വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ച (പുതിയതായി ആവിഷ്കരിച്ചതും സ്പിൽ ഓവറായി ഉൾപ്പെടുത്തിയതും ഉൾപ്പെടെ) പ്രൊജക്ടുകളിൽ താഴെ പറയുന്ന പ്രൊജക്ടുകൾ നാളിതുവരെ പൂർത്തിയായിട്ടില്ല.

| പ്രൊജക്ടിന്റെ നമ്പർ,പേര് | അടങ്കൽ ₹ | നാളിതുവരെ ചെലവഴിച്ച തുക ₹ | കുറിപ്പുകൾ |
|---|---|---|---|
| 111/16,<br>കാട്ടാളത്ത് കോളനി 86-ാം നമ്പർ അംഗൻവാടി നിർമ്മാണം | 800000 | ട്രഷറി ബിൽ നം.<br>85/31.3.16;<br>360000 | റൂഫ് ലെവൽ വരെ പൂർത്തിയായി. |

| | | | |
|---|---|---|---|
| 112/16,<br>രശ്മി നഗർ വായനശാല കെട്ടിട നിർമ്മാണം | 700000 | ----- | റൂഫ് ലെവൽ വരെ പൂർത്തിയായി. |
| 128/16,<br>പണ്ടാരം കുന്ന് കുടിവെള്ളപദ്ധതി | 335000 | ട്രഷറി ബിൽ നം.<br>23/15.1.16;<br>161492 | ഓവർഹെഡ് ടാങ്ക് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നു വന്നതിനെ തുടർന്ന് പ്രവൃത്തി മുടങ്ങിക്കിടക്കുന്നു. |
| 140/16,<br>പാറമേൽപ്പടി അംഗൻവാടി 83-ാം നമ്പർ കെട്ടിട നിർമ്മാണം | 610000 | ട്രഷറി ബിൽ നം.<br>84/31.3.16;<br>299953 | റൂഫ് ലെവൽ വരെ പൂർത്തിയായി. |
| 48/16,<br>പത്തുപൊതി<br>അംഗൻവാടിച്ചുറ്റുമതിൽ | 50000 | ----- | 2014-15 ൽ ആരംഭിച്ചതാണ്. അതിർത്തി തർക്കം മൂലം എഗ്രിമെന്റ് വച്ച കരാറുകാരന് ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 167/16,<br>കരിയാം പാടം ഒലിച്ചി അംഗൻവാടി കെട്ടിട നിർമ്മാണം | 800000 | ----- | ആരംഭിച്ചിട്ടില്ല. |
| 59/16,<br>കൊണ്ടാഴി ശ്മശാനത്തിൽ ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ | 4155000 | ----- | 2014-15 ലെ പ്രൊജക്ട്. ആരംഭിച്ചിട്ടില്ല. ഫണ്ട് ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 177/16, മായന്നൂർ വായന ശാലയിൽ ടോയ്‌ലെറ്റ് നിർമ്മാണം | 75000 | ---- | ആരംഭിച്ചിട്ടില്ല. |
| 175/16, ഒലിച്ചി കോളനി കിണർ ആൾമറ പ്ലാസ്റ്ററിംഗ് | 25000 | ----- | ആരംഭിച്ചിട്ടില്ല. |
| 178/16, പാറമേൽപ്പടി വായന ശാലയിൽ ടോയ്‌ലറ്റ് നിർമ്മാണം | 75000 | ---- | ആരംഭിച്ചിട്ടില്ല. |
| 44/16, വാഴാട് കുടിവെള്ള പദ്ധതിക്ക് ടാങ്ക്, പമ്പ്, മോട്ടോർ | 130205 | 119795 (2014-15) | 2014-15ലെ പ്രൊജക്ട്. പൂർത്തിയായിട്ടില്ല. |
| 45/16, രാജീവ് ഭവൻ കുടിവെള്ള പദ്ധതി | 57701 | ----- (2014-15) | പൂർത്തിയായിട്ടില്ല. |
| 87/16, പി.എച്ച്.സി.കെട്ടിടം മെയിന്റനൻസ് | 70000 | ----- | ആരംഭിച്ചിട്ടില്ല. |
| 88/16, പഞ്ചായത്താഫീസ് മെയിന്റനൻസ് | 100000 | ------ | ആരംഭിച്ചിട്ടില്ല. |

പ്രൊജക്ടുകൾ സമയക്രമമനുസരിച്ച് പൂർത്തിയാക്കാതെ നീണ്ടു പോകുന്നത് മൂലം

ധനവിനിയോഗത്തിന്റെ ഫലപ്രാപ്തി ലഭ്യമാകുന്നതിന് പൊതുജനങ്ങൾക്ക് കാലതാമസമുണ്ടാകുന്നു. ആയതിനാൽ പ്രൊജക്റ്റുകൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകൾ,സർക്കുലർ നമ്പർ 1/1559/2010/സി.ഇ /തസ്വഭവ/13.11.14 എന്നിവ പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃസമിതി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് 1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1.1997 ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 (2) പ്രകാരം ഒരു പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായും എല്ലാ ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കികൊണ്ടും നിർവ്വഹണഉദ്യോഗസ്ഥൻ വിളിച്ചുചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ പ്രസ്തുത പ്രദേശത്തെ പഞ്ചായത്തംഗം അദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആ യോഗത്തിൽ വെച്ച് ഗുണഭോക്താക്തൃസമിതിയെ തെരഞ്ഞെടുക്കേണ്ടതും അതിന് 15 ൽ കവിയാതെയും 7 ൽ കുറയാതെയും അംഗങ്ങളടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ ഇത്തരത്തിൽ യോഗം വിളിച്ചുചേർത്തതിന്റെ രേഖകൾ പല ഫയലിലും സൂക്ഷിച്ചിട്ടില്ല.

2.പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്,നിരക്ക്,മൊത്തം വില,തിയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്,കമ്പി,ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ.അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ സിമന്റ്,കമ്പി,റൂഫിംഗ് ഷീറ്റ് എന്നിവ വാങ്ങിയതിന് കേരളമൂല്യവർദ്ധിത നികുതിനിയമപ്രകാരം സ്ഥാപനങ്ങൾ നൽകേണ്ട ഫോറം.8B യിലുള്ള കാഷ് ബിൽ ഹാജരാക്കാതെയാണ് പല പ്രവൃത്തിയിലും ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്.

3.പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ.എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖ ലംഘിച്ച് നടത്തിയ പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ടിന്റെ നമ്പർ, പേര്, കൺവീനറുടെ പേര്, അളവുപുസ്തകം | ട്രഷറി ബിൽ നം., തിയതി/തുക ₹ | കുറിപ്പുകൾ |
|---|---|---|---|
| 1 | എസ്. 101/16, കേരകകുന്ന് വാട്ടർടാങ്ക് റോഡ് കോൺക്രീറ്റിംഗ് ; ശ്രീ.രാജു; 373/14-15 | 48/ 29.2.16/ ₹50000 | ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കി യോഗം വിളിച്ചു ചേർത്തതിന്റെ രേഖയില്ല. സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖ, മസ്റ്റർ റോളുകൾ,കാഷ് ബില്ലുകൾ,കൺവീനർ തയ്യാറാക്കിയ കണക്ക് ,മിനിട്സ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | എസ്. 118/16, വീട്ടിക്കുന്ന് കുടിവെള്ളപദ്ധതി;ശ്രീമതി.വിഷ്ണു; 450/15-16 | 81/ 31.3.16 /₹83334 | സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖ, മസ്റ്റർ റോളുകൾ, കാഷ് ബില്ലുകൾ, കൺവീനർ തയ്യാറാക്കിയ കണക്ക് എന്നിവ ഹാജരാക്കിയിട്ടില്ല |
| 3 | എസ്. 0108/16, പ്ലാന്റേഷൻ അത്താണിപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്;ശ്രീ.മാത്യു.എം.വി; | 10/ 24.12.15/ ₹100000 | മസ്റ്റർ റോളുകൾ, കൺവീനർ തയ്യാറാക്കിയ കണക്ക് ,മിനിട്സ് എന്നിവ നിർവ്വഹണഉദ്യോഗസ്ഥൻ |

| | | | |
|---|---|---|---|
| | 339/14-15 | | സാക്ഷ്യപ്പെടുത്തിയിട്ടില്ല. സിമന്റ്, വാങ്ങിയതിന് ഡീലറുടെ കാഷ്ബിൽ ഹാജരാക്കിയിട്ടില്ല. |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്റ്റ് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി,ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്റ്റ് നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-7 എസ്.സി/എസ്.ടി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ(പ്രൊ.നം.S0 39/16)വാങ്ങി നൽകൽ- മാർഗ്ഗ രേഖയിലെ നിബന്ധനപാലിച്ചില്ല.

നിർവ്വഹണം – അസി.സെക്രട്ടറി

ചെലവുതുക – 492000/-

മേൽ പ്രൊജക്ടിന്റെ ഭാഗമായി 123 വിദ്യാർത്ഥികൾക്ക് മേശയും കസേരയും സിഡ്കോയിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.(ട്രഷറിബിൽ 4/15-16/29.2.16-433415/- 7/15-16 dated 31.03.16 – 12000/-- തനത് ഫണ്ട്-ചെക്ക് നം.1358710/25/1/16 തുക 46585/- ആകെ-492000/-).

ജി.ഒ.(എം.എസ്.362/13 ത.സ്വ.ഭ.വ തിയതി 16.11.13 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.8(3) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികൾ ആനുകൂല്യത്തിന്

അർഹരല്ല.കൂടാതെ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകേണ്ടതുള്ളൂ. ആയതു പ്രകാരം പട്ടികജാതി വികസനവകുപ്പിൽ നിന്നും ലഭ്യമാക്കേണ്ട രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 492000/- തടസ്സപ്പെടുത്തുന്നു.

## 3-8 അക്ഷയ സബ്സെന്ററിനു കാബിൻ- പ്രവർത്തനസജ്ജമാക്കിയില്ല

പ്രൊജക്ട് നം- S00 38/16

ട്രഷറി ബിൽ.നം. 19/23.3.16-131210/-,

തനത് ഫണ്ട്- 29151/-(വൗച്ചർനം.155-3/16 dt 26.3.16)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടിന് വേണ്ടി RUBCO യുടെ പ്രൊഫോർമ ഇൻവോയ്സ് നം.RHW/15-16/367/11.12.15 പ്രകാരം 160361/-രൂപയുടെ ഫർണ്ണിച്ചർ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ കാബിൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ അക്ഷയ സബ്സെന്റർ പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.6/8.11.16നുള്ള മറുപടിയായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.02.16ലെ തീരുമാനം 6(1) പ്രകാരം അക്ഷയസെന്റർ തുടങ്ങാൻ അക്ഷയ അധികൃതരിൽ നിന്നും അനുമതി ലഭിക്കാൻ വൈകുന്നതിനാൽ പ്രസ്തുത അക്ഷയ കേന്ദ്രത്തിനായുള്ള ഫർണിച്ചറും കാബിനും സർക്കാർ സർക്കുലർ നമ്പർ55247/101/ 14/ത.സ്വ.ഭ.വ തിയതി.6.2.15 പ്രകാരം കുടുംബശ്രീപ്രവർത്തകരുടെ സഹകരണത്തോടെ ഹെൽപ്പ് ഡെസ്ക് (ജനസേവനകേന്ദ്രം) എന്ന പദ്ധതിക്കായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അക്ഷയ സെന്റർ പ്രാവർത്തികമാക്കാൻ വേണ്ടി നിർമ്മിച്ച മേൽ കാബിൻ ആയതിനു വേണ്ടി ഉപയോഗിക്കുകയോ അല്ലാത്ത പക്ഷം ഭരണസമിതിയുടെ തീരുമാനം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 വീട്ടിക്കുന്ന് നഴ്സറി സ്കൂൾ ഭക്ഷണപരിപാടി-പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല

പട്ടികജാതി വികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വീട്ടിക്കുന്ന് നഴ്സറി സ്കൂളിന് ഭക്ഷണ പരിപാടിയ്ക്കായി എസ്.സി.ഫണ്ടിൽ 50000/-രൂപ വകയിരുത്തിയ പ്രൊജക്ടാണ് ഇത്.എന്നാൽ നഴ്സറി സ്കൂളിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ,കളിക്കോപ്പുകൾ എന്നിവ വാങ്ങുന്നതിനും ഭക്ഷണപരിപാടിക്കും ആയിട്ടാണ് മേൽ തുക വിനിയോഗിച്ചിട്ടുള്ളത്.പ്രൊജക്ട് റിവൈസ് ചെയ്തിട്ടില്ല.

T.W.C.C.Sതൃശ്ശൂരിന്റെ പ്രൊഫോർമ ഇൻവോയ്സ് നം.C152/16 dt 8.3.16 പ്രകാരം പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവയുടെ വില 21313/-രൂപ (ഡിഡി.നം.654667/23.3.16) അനുവദിച്ചിട്ടുണ്ട്.എന്നാൽ T.W.C.C.Sന്റെ ഒറിജിനൽ കാഷ് ബിൽ, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരംഎന്നിവ ഹാജരാക്കിയിട്ടില്ല.

ഭരണസമിതിയുടെ 22/12/15ലെ തീരുമാനപ്രകാരം ഭക്ഷണ പരിപാടിയിൽ ബാക്കി വരുന്ന തുകയ്ക്ക് കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.9നുള്ള മറുപടി).

പ്രൊജ്ക്റ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയതിനു ശേഷം മാത്രമാണ് പ്രൊജക്റ്റ് നടപ്പാക്കേണ്ടിയിരുന്നത്. പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 ഐ.എ.വൈ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2015-16സാമ്പത്തികവർഷം ഐ.എ.വൈ ഗുണഭോക്താക്കൾക്കുള്ള അധികവിഹിതമായി താഴെ പറയും പ്രകാരം തുക ബ്ലോക്ക് പഞ്ചായത്ത് പഴയന്നൂരിന് നൽകിയിട്ടുണ്ട്.

| നിർവ്വഹണം | പ്രൊജക്റ്റ് നം | ഡി.ഡി.നം. | തുക |
|---|---|---|---|
| സെക്രട്ടറി | 2/16 | 652936/22.1.16 | 700000/- |
| | 190/16 | ട്രഷറിബിൽ നം.32/31.3.16 | 3,80000/- |
| അസി.സെക്രട്ടറി | 22/16 | 652937/22.1.16 | 1200000/- |
| | | ആകെ | 22,80000/- |

22.07.15ലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നം.B333/14 കത്തു പ്രകാരം കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഐ.എ.വൈ പദ്ധതിയുടെ ടാർജറ്റ് എസ്.സി-39, ജനറൽ-20, മൈനോറിറ്റി-22 എന്നിങ്ങനെ ആകെ 81ആണ്.ആയതു പ്രകാരം ആകെ അടവാക്കേണ്ട തുക 1620000/-രൂപയാണ്. ആയതിനു പകരം മേൽ പ്രകാരം തുക അടവാക്കിയിട്ടുണ്ട്.മേൽ തുകയുടെ കൈപ്പറ്റ് രസീതി.വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവുതുക 22,80000/- തടസ്സപ്പെടുത്തുന്നു.

## 3-11 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-സംയുക്ത പ്രൊജക്റ്റിന്റെ സാധ്യത പരിശോധിച്ചില്ല

2015-16 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പ്രൊജക്റ്റിൽ കർഷകർക്ക് ഹെക്ടറിന് 3021/-രൂപ നിരക്കിൽ

സ്ഥലവിസ്തൃതി അനുസരിച്ച് സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി നാമമാത്ര ചെറുകിട കർഷകർക്ക് ഹെക്ടറിന് പരമാവധി 6000/-രൂപ വരെ അനുവദിക്കാവുന്നതാണ്. കൂടാതെ ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 60:15:25 അനുപാതത്തിൽ തുക വകയിരുത്തേണ്ടതും നിർവ്വഹണം ഗ്രാമപഞ്ചായത്തിനും ആയിരിക്കും.

സംയുക്ത പ്രൊജക്ടായി പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ കർഷകർക്ക് അർഹമായ ധനസഹായം മുഴുവനും ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുമായിരുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-12 ഭവനനിർമ്മാണം,ഭവനപുനരുദ്ധാരണം-പൊതു അപാകതകൾ

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/13ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1)ഗുണഭോക്താവിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത പ്രൊഫോർമയിൽ വിവരശേഖരണം നടത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

2)കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 30m$^2$നും 60m$^2$നും ഇടയിലായിരിക്കണം.ആയത് വ്യക്തമാക്കുന്നതിന് കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച NOC സമർപ്പിച്ചിട്ടില്ല.
3)പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 12വർഷം പൂർത്തിയാക്കിയവർക്ക് മാത്രമേ പുതിയ ഭവനത്തിന് അർഹതയുള്ളൂ.ആയത് പരിശോധിക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ കാലപഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടില്ല.

ഭവന റിപ്പയർ അനുവദിക്കുന്നതിന് മുമ്പ് താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1.ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ തങ്ങൾക്ക് ആവശ്യമായ അറ്റകുറ്റപണികൾക്ക് ഉടമസ്ഥൻ റഫ് എസ്റ്റിമേറ്റ് തയ്യാറാക്കണം.ഗുണഭോക്താക്കൾ ആരും തന്നെ റഫ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല.

ബി)എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

സി)ഭവനപുനരുദ്ധാരണം ആവശ്യമായ കെട്ടിടത്തിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപ്പത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

മതിയായ രേഖകളോടു കൂടി സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രം ധനസഹായം അനുവദിക്കേണ്ടതും, അനർഹർ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നില്ല എന്നുറപ്പ വരുത്തേണ്ടതുമാണ്.

## 3-13 ഭവനനിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല

2015-16 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പ്രൊജക്റ്റിൽ ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് നാളിതു വരെ ബാക്കി തുക കൈപ്പറ്റിയിട്ടില്ല.

| പ്രൊജക്റ്റ് നം | ഗുണഭോക്താവ് | അവസാനഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 61/16 | ബിന്ദു ദുർഗ്ഗാദാസ്,ചെമ്പല്ലീരി | 29.12.15 | 62500 |
| | ഗിരിജ,നെയ്ത്തുകുളങ്ങര | 13.2.15 | 12500 * |
| 125/16 | പത്മിനി രവീന്ദ്രൻ,ചാഴിയോട്ടിൽ തെക്കേതിൽ | 27.2.16 | 87500 |
| | കാർത്ത്യായനി നാരായണൻ, ചാഴിയോട്ടിൽ | 19.3.16 | 82500 |
| | പ്രേമ,പൂവ്വത്തിങ്കൽ | 27.2.16 | 82500 |
| | ശിവശങ്കരൻനായർ,പട്ടിയിൽ | 29.1.16 | 12500 * |
| | ദിവ്യ,പാറമേൽപടിതെരുവ് | 19.3.16 | 45000 * |
| 159/16 | പ്രേമകുമാരി,പീടികകുണ്ടിൽ | 30.1.16 | 45000 |
| | രുഗ്മിണി,ഏലംകുളത്ത് | 23.3.16 | 75000 |

*ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണത്തിന്റെ തുടർപ്രവർത്തനങ്ങൾ സ്വീകരിക്കാത്ത മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.മറ്റു ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഭവനനിർമ്മാണം (വനിത)-തറവിസ്തൃതി അധികരിച്ച് നിർമ്മാണം പൂർത്തിയാക്കി

നിർവ്വഹണം-വി.ഇ.ഒ

പ്രൊജക്റ്റ് നം.-125/16

2015-16സാമ്പത്തികവർഷം 20ഗുണഭോക്താക്കൾക്ക് 150000/-രൂപ വീതം ഭവന നിർമ്മാണത്തിനായി വകയിരുത്തിയ മേൽ പ്രൊജക്ടിലെ ഒരു ഗുണഭോക്താവായ ശ്രീമതി.ലത സുരേന്ദ്രൻ, ചെമ്മരിപ്പിള്ളിയിൽ എന്നവർ 22/5/15ൽ സി-3-2088/15 നമ്പറായി 74.31m$^2$കെട്ടിടത്തിന് NOCഎടുത്തിട്ടുണ്ട് . ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ പ്രവർത്തനത്തിന് താഴെ പറയും പ്രകാരം ധനസഹായം കൈപ്പറ്റിയിട്ടുണ്ട്.(അക്കൗണ്ട് നം.67235033260)

| തീയതി | തുക |
|---|---|
| 11.9.15 | 37500 |
| 30.9.15 | 25000 |
| 29.10.15 | 25000 |
| 23.1.16 | 25000 |
| 29.1.16 | 12500 |
| 19.3.16 | 25000 |
| ആകെ | 1,50000/- |

ഭവനനിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റി നാളിതു വരേയ്ക്കും ലതാ സുരേന്ദ്രൻ,ചെമ്മരിപ്പിള്ളിയിൽ എന്നിവരുടെ പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല.എന്നാൽ സുധീഷ്,സൺ ഓഫ് സുരേന്ദ്രൻ, ചെമ്മരിപ്പിള്ളിയിൽ ഹൗസ് എന്നവർ 5/3/15ൽ c3-721/15നമ്പറായി 110m$^2$കെട്ടിടത്തിന് പെർമിറ്റ് എടുക്കുകയും, ഭവനനിർമ്മാണം പൂർത്തിയാക്കി 8/2/16ൽ വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.മേൽ കെട്ടിടത്തിന് സുധീഷിന്റെ ഉടമസ്ഥാവകാശത്തിൽ VII/547നമ്പർ അനുവദിച്ച് നൽകിയിട്ടുണ്ട്.

ശ്രീമതി.ലതാസുരേന്ദ്രൻ,ചെമ്മരിപ്പിള്ളി എന്നവരുടെ ഭവനനിർമ്മാണ ഫയലും,

സുധീഷ്,ചെമ്മരിപ്പിള്ളിയുടെ വസ്തുനികുതി നിർണ്ണയ ഫയലും പരിശോധിച്ചതിൽ കണ്ട അപാകത താഴെ കൊടുക്കുന്നു.

ശ്രീമതി.ലതാ സുരേന്ദ്രന്റെയും ഭർത്താവ് സുരേന്ദ്രന്റെയും പേരിൽ 1994ൽ ഉള്ള ആധാരപ്രകാരം അവർക്ക് സിദ്ധിച്ച സർവ്വേ നമ്പർ 846/10ലെ 16.50 സെന്റിലെ 8.45സെന്റ് സ്ഥലം 28.11.14ൽ സെറ്റിൽമെന്റ് ആധാരം മുഖേന മകനായ സുധീഷിനു കൈമാറിയിട്ടുണ്ട്.മേൽ പറഞ്ഞ സെറ്റിൽമെന്റ് ആധാരം (സർവ്വെ നമ്പർ-846/10, 8.45സെന്റ് സ്ഥലം) ഹാജരാക്കിയാണ് ശ്രീ.സുധീഷ് കെട്ടിടനിർമ്മാണ പെർമിറ്റ് എടുത്തിരിക്കുന്നത്.ആയതിനു ശേഷം ഭവനനിർമ്മാണം പൂർത്തിയാക്കി 8/2/16ൽ വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

8/11/16ൽ ശ്രീമതി.ലതാ സുരേന്ദ്രൻ ഓഡിറ്റിൽ നേരിൽ ഹാജരാകുകയും ലതാ സുരേന്ദ്രന് അനുവദിച്ച ധനസഹായം ഈ കെട്ടിട നിർമ്മാണത്തിനായി വിനിയോഗിച്ചതായും രണ്ടു പേരുടെയും പേരിലുള്ള വസ്തുവിൽ നിലവിൽ ഒരു കെട്ടിടം മാത്രമാണ് നിർമ്മിച്ചതെന്നും വ്യക്തമാക്കുകയുണ്ടായി. ആയതു പ്രകാരം താഴെ പറയുന്ന വസ്തുതകൾ നിർവ്വഹണോദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപെടുത്തുന്നു.

1.സെറ്റിൽമെന്റാധാരപ്രകാരം ശ്രീ.സുധീഷിന് സിദ്ധിച്ച വസ്തുവിൽ 104m$^2$തറവിസ്തീർണ്ണത്തിൽ സുധീഷിന്റെ പേരിൽ കെട്ടിടനിർമ്മാണ പെർമിറ്റ് എടുത്ത് നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ പരിധിയിലധികമുള്ള തറവിസ്തീർണ്ണം പരിഗണിക്കാതെ ശ്രീമതി.ലതാസുരേന്ദ്രന് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു.

2.ഭവനനിർമ്മാണം പൂർത്തിയാക്കി വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരിഗണിക്കാതെ അവസാനഗഡുവും അനുവദിച്ചു.

3.17.12.15ൽ ശ്രീമതി.ലതാസുരേന്ദ്രൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തങ്ങളുടെ ഉടമസ്ഥതയിലും കൈവശാനുഭവത്തിലുമുള്ള സ്ഥലത്ത് നിർമ്മിക്കുന്ന ഭവനം 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ,കൈമാറുകയോ ചെയ്യില്ലെന്ന് കരാർ പത്രം ആധാരം രജിസ്റ്റർ ചെയ്തു നൽകിയിട്ടുണ്ട്.എന്നാൽ ലതാ സുരേന്ദ്രന് അനുവദിച്ച് നിർമ്മിച്ച ഭവനം ഗ്രാമപഞ്ചായത്തിന്റെ രേഖകൾ പ്രകാരം ശ്രീ.സുധീഷിന്റെ പേരിലായതിനാൽ (കെട്ടിട നം.vii/547)ഈ കരാറിലെ വ്യവസ്ഥകൾക്ക് യാതൊരു വിധത്തിലുമുള്ള പ്രസക്തിയും ഇല്ലെന്നു കാണുന്നു. മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച തുക 150000/- തടസ്സപ്പെടുത്തുന്നു.

## 3-15 തെരുവു വിളക്കുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവു വിളക്ക് റിപ്പയർ പ്രൊജക്ടിൽ തെരുവു വിളക്ക് റിപ്പയർ നടത്തുന്നതിനു മുമ്പ് കെ.എസ്.ഇ.ബി അധികൃതരിൽ നിന്നും ലഭ്യമാക്കിയ ക്ലിയറൻസ് സർട്ടിഫിക്കറ്റ് പ്രകാരം ഓർഡിനറി ബൾബുകൾ 191എണ്ണം ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം ഗ്രാമപഞ്ചായത്തിലെ 15വാർഡുകളിലെ ആകെ ഓർഡിനറി ബൾബുകളുടെ എണ്ണം 16മാത്രമാണ്.

2015 ഡിസംബർ വരെ 23222/-രൂപയാണ് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ അടവാക്കിയിരുന്നത്. എന്നാൽ സംയുക്ത പരിശോധനയ്ക്ക് ശേഷം വൈദ്യുതി ചാർജ് ഡിസംബർ മുതൽ 13268/-രൂപയാക്കി റിവൈസ് ചെയ്തിട്ടുണ്ട്.ഈ നിരക്ക് കണക്കാക്കിയതിലും 118 ഓർഡിനറി ബൾബുകൾ ഉൾപ്പെട്ടിട്ടുണ്ട്.ഒരു ബൾബിന് 61/-രൂപ പ്രകാരം പ്രതിമാസം 7198/-രൂപ ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിലവിൽ സാധാരണബൾബുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധനാ വിധേയമാക്കി പ്രവർത്തിക്കുന്നില്ലായെങ്കിൽ ആയതിന്റെ ചാർജ് വൈദ്യുതി ബില്ലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ആശ്രയ-വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നില്ല

കൊണ്ടാഴി ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ടം,രണ്ടാംഘട്ടം എന്നിവയിൽ ആശ്രയയിൽ ഉൾപ്പെട്ട അഗതി കുടുംബങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | ആശ്രയ ഒന്നാംഘട്ടം | ആശ്രയ രണ്ടാംഘട്ടം | കുറിപ്പുകൾ |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 111 | 96 | |
| വീടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 10 | 4 | |
| സ്ഥലം ലഭിച്ചവർ | 3 | 3 | |
| വീട് ആവശ്യമുള്ളവർ | 44 | 22 | |
| വീട് ലഭിച്ചവർ | 32 | 6 | |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 33 | 30 | |
| റിപ്പയർ ലഭിച്ചവർ | 31 | 1 | |
| കക്കൂസ് ആവശ്യമുള്ളവർ | 61 | 1 | ODF പദ്ധതിയിൽ ലഭ്യമാക്കി |

| | | | |
|---|---|---|---|
| കക്കൂസ് ലഭിച്ചവർ | 4 | 1 | |
| കറന്റ് ആവശ്യമുള്ളവർ(വയറിംഗ്) | 55 | --- | സമ്പൂർണ്ണ വൈദ്യുതീ കരണത്തിന്റെ ഭാഗമായി ലഭ്യമാക്കി |
| കറന്റ് ലഭിച്ചവർ | 9 | --- | |
| കുടിവെള്ളം ആവശ്യമുള്ളവർ | 58 | 9 | |
| കുടിവെള്ളം ലഭിച്ചവർ | 1 | --- | |
| സ്വയം തൊഴിൽ ആവശ്യമുള്ളവർ | | | ആശ്രയ പ്രൊജക്ടിൽ ഉൾപ്പെടുത്തി യിട്ടില്ല |
| ലഭിച്ചവർ | --- | ---- | |
| പെൻഷൻ | | ---- | |
| ലഭിച്ചവർ | --- | | |

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വതിയതി.16.11.13 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂ.(ഖണ്ഡിക 6.7(1)).കൂടാതെ ഖണ്ഡിക6.8പ്രകാരം ഭവനരഹിതരും വീടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായംനൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ.ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രൊജക്റ്റുകൾ നടപ്പാക്കുന്നത്.വി.ഇ.ഒ 2015-16സാമ്പത്തികവർഷം നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്ടിൽ 27കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.ആശ്രയയിൽ ഉൾപ്പെട്ട ഭവനരഹിതരായ 28കുടുംബങ്ങൾ ഉണ്ടായിരുന്നിട്ടും ആയതിലെ ഒരു കുടുംബത്തിനും ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടില്ല.പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായംനൽകി വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ആശ്രയ രണ്ടാം ഘട്ടം പ്ലാൻഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.(അക്കൗണ്ട് നം-0801101065158കാനറാ ബാങ്ക്, ചേലക്കര)

| ഫണ്ട് | നിലവിലെ നീക്കിയിരിപ്പ് |
|---|---|
| പ്ലാൻഫണ്ട് | 23272/- |
| ചലഞ്ച് ഫണ്ട് | 179193/- |

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്.

ആശ്രയയിൽ ഉൾപ്പെട്ട അഗതികളുടെ ആവശ്യങ്ങൾ പുനപരിശോധിക്കേണ്ടതും വിലയിരുത്തൽ സമിതി, മോണിറ്ററിംഗ് സമിതി എന്നിവ നിർബന്ധമായും ആയവ പരിശോധിച്ച് അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകുന്നു എന്നുറപ്പു വരുത്തേണ്ടതുമാണ്. `

## 3-17 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം അധികം നൽകി

പ്രൊജക്ട്- : എസ്.എസ്.വിഹിതം ജനറൽ/ എസ്.സി

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം : 18/2015-16(S.C.P)

19/2015-16(ജനറൽ)

സാമ്പത്തിക വർഷം ഹെഡ് മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പദ്ധതികളിൽ എസ്.എസ്.എ.വിഹിതം ജനറൽ/എസ്.സി.പി ഇനത്തിൽ പഞ്ചായത്ത് പ്ളാൻ ഫണ്ടിൽ നിന്ന് 475245/- രൂപ ഡിസ്ട്രിക്ട് പ്രൊജക്ട് ഓഫീസർ,സർവശിക്ഷ അഭിയാൻ,തൃശ്ശൂർ ന് നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്ന് 2015-16 സാമ്പത്തിക വർഷം എസ്.എസ്.എ.യിൽ ചെലവഴിച്ച തുക 855752/-ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നം/ തിയ്യതി | ബിൽ തുക | ഇനം | SSA ക്ക് നൽകിയ തുക | യഥാർത്ഥ ത്തിൽ നൽകേണ്ടത് | SSA യൂട്ടിലൈ – സേഷൻ പ്രകാരമുള്ള ആകെ ചെലവ് | അധികം നൽകിയത് |
|---|---|---|---|---|---|---|---|

<table>
<tr><td>1</td><td>1/2015-16, 12.11.2015</td><td>300000</td><td>എസ്.എസ്.എ വിഹിതം (ജനറൽ)</td><td rowspan="3">475245</td><td rowspan="3">299513</td><td rowspan="3">855752</td><td rowspan="3">175732</td></tr>
<tr><td>2</td><td>2/2015-16, 12.11.2015</td><td>150000</td><td>എസ്.എസ്.എ വിഹിതം, (എസ്.സി.പി)</td></tr>
<tr><td>3</td><td>3/2015-16, 19.03.2016</td><td>25245</td><td>എസ്.എസ്.എ വിഹിതം, (ജനറൽ)</td></tr>
<tr><td colspan="2">ആകെ</td><td>475245</td><td></td><td>475245</td><td>299513</td><td></td><td>175732</td></tr>
</table>

വിനിയോഗ സാക്ഷ്യപത്രം പ്രകാരം കേന്ദ്ര വിഹിതമുൾപ്പെടെ 855752/- രൂപയാണ് S.S.A.പ്രോജക്റ്റ് നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽ ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ 35% തുകയായ 299513/-രൂപ മാത്രമാണ് ഗ്രാമ പഞ്ചായത്ത് നല്കേണ്ടിയിരുന്നത്. അധികമായി അടവാക്കിയ 175732/-രൂപ വരും വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് -കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 145326/- രൂപ ഈടാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്ന തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്ററ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ 145326 രൂപക്കുള്ള മുഴുവൻ ഡിമാന്റ് ഡ്രാഫ്ററുകളും ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് ക്ഷേമനിധിബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 വയറിംഗ് പ്രവൃത്തിയിലെ അപാകതകൾ

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ പേര് : പഞ്ചായത്ത് ഓഫീസ് 3 ഫേസ് വയറിംഗ്

പ്രൊജക്ട് നമ്പർ : എസ്.54/16

അടങ്കൽ : ₹85000 (ധനകാര്യകമ്മീഷൻഗ്രാന്റ്)

സാങ്കേതികാനുമതി: 117/AEE/14-15/24.1.15/PWD Electrical division,

Thrissur; ₹53000

ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ 8/24.12.15;₹51731

അളവുപുസ്തകം : 197/14-15

കരാറുകാരൻ : ശ്രീ.പി.എൻ.മുരളീധരൻ(എസ്റ്റിമേറ്റ് നിരക്ക്)

കരാർ : 56/24.12.15

മേൽ പ്രകാരം പഞ്ചായത്ത് ഓഫീസ് 3 ഫേസ് വയറിംഗിനായി തൻ വർഷം ₹51731 ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കൽ,സാങ്കേതികാനുമതി നല്കൽ,മേൽനോട്ടം എന്നിവ നിർവഹിച്ചിരിക്കുന്നത് PWD ,Electrical വിഭാഗം ,തൃശ്ശൂർ ആണ്. ടെണ്ടർ നടത്തിയിരിക്കുന്നതും കരാറിലേർപ്പെട്ടിരിക്കുന്നതും പഞ്ചായത്താണ്.

ഓഡിറ്റ് സമയത്ത് പഞ്ചായത്തിലെ ഇലക്ട്രിക്കൽ സംവിധാനം ഫലപ്രദമായി പ്രവർത്തിച്ചിരുന്നില്ല. പഞ്ചായത്ത് ഓഫീസ്,ഫ്രണ്ട് ഓഫീസ്,കോൺഫറൻസ് ഹാൾ എന്നിവിടങ്ങളിൽ ഒരേ സമയം വൈദ്യുതി ഉപയോഗിക്കുന്ന പക്ഷം ELCB സ്വയം വൈദ്യുതി വിച്ഛേദിക്കുന്നതിനാൽ ഭാഗികമായ വൈദ്യുതി ഉപയോഗം മാത്രമാണ് സാധ്യമാകുന്നത്. ഒരേ സമയം എല്ലാ ഭാഗത്തും വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണ്.

കരാറുകാരനുമായി ഏർപ്പെട്ട കരാറിലെ 7ാമത്തെ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയ തിയതി മുതൽ കൃത്യം രണ്ടു വർഷം ഗ്യാരണ്ടി പിരിയഡ് ആയി കണക്കാക്കുന്നതാണ്. ഈ കാലയളവിൽ സംഭവിക്കുകയോ കാണുകയോ ചെയ്യുന്ന എല്ലാ തകരാറുകളും സ്വന്തം ചെലവിൽ പരിഹരിക്കുന്നതിന് കരാറുകാരന് പൂർണ്ണ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. ഈ കാര്യത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു ഏജൻസിയെക്കൊണ്ട് പരിഹരിക്കുന്നതും അതിനു വേണ്ടി വരുന്ന ചെലവ് കരാറുകാരന്റെ ജാമ്യനിക്ഷേപത്തിൽ നിന്ന് ഈടാക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയാക്കി അസിസ്റ്റന്റ് എഞ്ചിനീയർ അവസാനത്തെ അളവെടുത്ത് രേഖപ്പെടുത്തിയ തിയതിയാണ് പ്രവൃത്തി പൂർത്തിയാക്കിയ തിയതിയായി ഇതിനു വേണ്ടി കണക്കാക്കുകയെന്നും കരാറിൽ പറയുന്നു.

ഈ പ്രവൃത്തിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അവസാനത്തെ അളവെടുത്തത് 10.9.15 നാണ്. ആയതിനാൽ പ്രവൃത്തിയുടെ ഗ്യാരണ്ടി പിരിയഡ് അവസാനിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ വൈദ്യുതി വിതരണത്തിൽ കാണപ്പെട്ട മേൽ അപാകതകൾ കരാറുകാരനെക്കൊണ്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-20 ഭിന്ന ശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ്- നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട്: 17/2015-16

പ്രൊജക്ട് : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രൊജക്ട് അടങ്കൽ : 250000/-

പ്രൊജക്ട് ചിലവ്: 250000/-

1)ഭിന്ന ശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രൊജക്ട് നടത്തിപ്പിനായി ജില്ല, ബ്ളോക്ക്,പഞ്ചായത്ത് സംയുക്തമായാണ് പ്രൊജക്ട് വച്ചിരിക്കുന്നത്. അതിൽ 2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവുമാണ് ആകെ ലഭ്യമായത്. ഗ്രാമ ,ബ്ളോക്ക്, ജില്ല എന്നിവയിൽ നിന്ന് ലഭ്യമായ തുക ഗുണഭോക്താക്കൾക്ക് നൽകിയിരിക്കുന്നത് 50:25:25 എന്ന അനുപാതത്തിലല്ല. ചില ഗുണഭോക്താക്കളായ കുട്ടികൾക്ക് കൂടുതലും ചിലർക്ക് കുറവുമായി നൽകിയിരിക്കുന്നു.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വിദ്യാർത്ഥി യുടെ പേര് | പഠിക്കുന്ന ക്ലാസ് | സ്കൂൾ | കൊടുക്കാവുന്നത് | | | അധികം നൽകി യത് |
|---|---|---|---|---|---|---|---|
| | | | | പഞ്ചാ-യത്ത് വിഹിതം | ജില്ലാ പഞ്ചാ-യത്ത് വിഹിതം | ആകെ | |
| 1 | കൃഷ്ണ പ്രസാദ്. കെ.എൻ | VIII | SMTHSS ചേലക്കര | 3300 | 1650 | 4950 | 5100 |
| 2 | നമിത.കെ.എൻ | പ്ളസ് ടു | -do- | 4000 | 2000 | 6000 | 6200 |
| 3 | സോണ.എൻ.ജെ | VIII | -do- | 3300 | 1650 | 4950 | 5100 |
| 4 | ആദിത്യ.കെ.കെ | II | സെൻ്റ് ജോസഫ് .എൽ,പി.സ്കൂൾ | 2650 | 1325 | 3975 | 4100 |
| 5 | ജിനേഷ് .വി.ജെ | V | SUUPS കൊണ്ടാഴി | 3300 | 1650 | 4950 | 5100 |
| 6 | നിതിൻ.സി.എസ് | പ്ളസ് വൺ | SMTHSS ചേലക്കര | 4000 | 2000 | 6000 | 6200 |

മാനസിക വൈകല്യം ഉള്ള വിദ്യാർത്ഥികൾ അല്ലാത്തവർക്കാണ് മേൽപറഞ്ഞവയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിഹിതത്തിന്റെ അനുപാതം പാലിക്കാതെ സ്കോളർഷിപ്പ് അധികം നൽകിയിരിക്കുന്നത്.

തൻ വർഷം സ്കോളർഷിപ്പ് നൽകിയ ആകെ 52 വിദ്യാർത്ഥികളിൽ 29 വിദ്യാർത്ഥികൾക്ക്

MR ഇനത്തിലുള്ള സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വ്യക്തിഗത അനുപാത വിവരം താഴെ കൊടുക്കുന്നു

| സ്കോളർഷിപ്പ് നൽകാവുന്നത് | | | നൽകിയത് | കുറവ് |
|---|---|---|---|---|
| പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ആകെ | | |
| 7100 | 3550 | 10650 | 8600 | 2050 |

ഈ പ്രൊജക്ടിൽ ഗുണഭോക്താക്കളുടെ ആവശ്യമനുസരിച്ച് പ്രൊജക്ടിൽ തുക വകയിരുത്താനും ജില്ലാ,ബ്ളോക്ക്,പഞ്ചായത്ത് അനുപാതം ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)MR അല്ലാത്ത കുട്ടികൾക്ക് അവർ പഠിക്കുന്ന ക്ളാസ് അടിസ്ഥാനത്തിലുള്ള സ്ളാബ് അനുസരിച്ചാണ് സ്കോളർഷിപ്പ് തുക നിശ്ചയിക്കുന്നത്. ഓഡിറ്റ് പരിശോധനക്കായി നൽകിയ രേഖകളിൽ ( സ്കൂൾ സാക്ഷ്യ പത്രം, ബില്ലിനൊടൊപ്പം ട്രഷറിയിലേക്കു സമർപ്പിക്കുന്ന രേഖകൾ,അക്വിറ്റൻസ് രജിസ്റ്റർ) MR ഒഴികെയുള്ള താഴെ പറയുന്ന കുട്ടികൾ പഠിക്കുന്ന ക്ളാസ്സ് എഴുതാത്തതായി കാണുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെപേര് | പഠിക്കുന്ന സ്കൂൾ | വൈകല്യം | നൽകിയ തുക |
|---|---|---|---|---|
| 1 | ജെൻസി.സി.വി | എൻ.എസ്.എസ്.കോളേജ് , ഒറ്റപ്പാലം | LD | 8200 |
| 2 | ശരത്.കെ.എസ് | GVHSS, ഒറ്റപാലം | HI | 5200 |
| 3 | സാജു തോമസ് | സെന്റ് തോമസ്.HSS,മായന്നൂർ | ph | 5100 |

ഏതടിസ്ഥാനത്തിലാണ് മേൽ പറഞ്ഞവർക്ക് സ്കോളർഷിപ്പ് നൽകിയത് എന്ന് വ്യക്തമല്ല. 2015-16 ലഭ്യമാകേണ്ട ബ്ളോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.അപാകതകളില്ലാതെ നിർവഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 പാലിയേറ്റീവ് കെയർ തുക നൽകുന്നതിലെ

## അപാകതകൾ

പാലിയേറ്റീവ് കെയറിനായി നടന്ന ചെലവുകളിൽ ഡ്രൈവറുടെ വേതനം,പാലിയേറ്റീവ് കെയർ നഴ്സിനുള്ള ഹോണറേറിയം, ഭക്ഷണ ചിലവ്,വാഹനത്തിന്റെ ഇന്ധന ചിലവ് എന്നിവയുണ്ടായിരിക്കെ താഴെ പറയുന്ന ബില്ലുകളിൽ ഡ്രൈവറുടെ വേതനം ഒഴികെ ബാക്കി തുക മുഴുവൻ പാലിയേറ്റീവ് നഴ്സിന്റെ പേരിൽ ഡി.ഡി ആയി നൽകാനുള്ള കാരണം വിശദമാക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം/ തിയ്യതി | ബിൽ ചെലവു തുക | പാലീയേറ്റീവ് നഴ്സിനു നൽകിയ തുക | ഡ്രൈവറുടെ പേരിൽ നൽകിയ തുക |
|---|---|---|---|---|
| 1 | 1/2015-16,29.08.2015 | 87225 | 51225 | 36000 |
| 2 | 2/2015-16,16.11.2015 | 43825 | 25825 | 18000 |
| 3 | 3/2015-16,18.02.2016 | 67770 | 40770 | 27000 |
| 4 | 4/2015-16,22.03.2016 | 90570 | 64570 | 26000 |

മേൽ പറഞ്ഞവയിൽ വാഹനത്തിന്റെ ഇന്ധനചെലവ്, പാലിയേറ്റീവ് കെയറിനു പോകുന്ന ആളുടെ ഭക്ഷണ ചെലവ് എന്നിവക്ക് അതുമായി ബന്ധപ്പെട്ട വ്യക്തികൾക്ക് നൽകുന്നതിനു പകരം പാലിയേറ്റീവ് നഴ്സിന്റെ പേരിലാണ് ഡി.ഡി മാറി നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് 08.11.2016 ലെ ഓഡിറ്റ് എൻക്വയറിക്കു നൽകിയ മറുപടിയിൽ പാലിയേറ്റീവ് കെയർ നഴ്സ് സ്വന്തം കൈയിൽ നിന്ന് ചെലവഴിച്ചതിനാലാണ് ടി വ്യക്തിയുടെ പേരിൽ നൽകിയത് എന്നതാണ്. പാലിയേറ്റീവ് കെയർ നഴ്സിൽ നിന്ന് മുൻകൂറായി ചെലവഴിച്ചതാണെങ്കിൽ ആ വിവരം ഫയലിൽ ലഭ്യമല്ല. പണം ചെലവു ചെയ്യുന്നതുമായി ബന്ധപ്പെട്ട കൃത്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 3-22 പി.എം.സി.മീറ്റീങ്ങ് രണ്ടുമാസത്തിലൊരിക്കൽ നടത്തണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നി മോണിറ്റർ ചെയ്യുന്നതിന് രണ്ടു മാസത്തിലൊരിക്കൽ പി.എം.സി മീറ്റീംങ്ങ് കൂടേണ്ടതാണ്. കൊണ്ടാഴി പഞ്ചായത്തിനു കീഴിലുള്ള പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി മീറ്റീങ്ങ് മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ 2015-16 സാമ്പത്തിക വർഷത്തിൽ 18.06.2015, 28.01.2016 എന്നീ തിയ്യതികളിൽ മാത്രമേ നടന്നിട്ടുള്ളൂ.പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി

നടപ്പാക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതും പരിമിതികൾ മറികടക്കുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച അനുബന്ധം 9ലെ മാതൃകയിലുള്ള ഓരോ മാസത്തേയും പ്രവർത്തന റിപ്പോർട്ട്,വരവ് ചെലവ് കണക്കും ഓരോ യോഗത്തിലും അംഗീകരിക്കേണ്ടതാണ്. കൂടാതെ ദ്വൈമാസ യോഗത്തിൽ അടുത്ത രണ്ടുമാസത്തിലേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. ഇത്തരം പ്രവർത്തനങ്ങൾ കൊണ്ടാഴി ഗ്രാമ പഞ്ചായത്തിലെ പി.എം.സി നിർവഹിച്ചു കാണുന്നില്ല.2015 പാലിയേറ്റീവ് പരിചരണ മാർഗ്ഗ രേഖ ജി.ഒ.(ആർ.ടി) 3217/2015/lsgd, 29.10.2015 യിലെ നിർദേശങ്ങൾ തുടർപ്രവർത്തനങ്ങളിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-23 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

നിർവഹണോദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി എന്നിവർ ഗ്രാമപഞ്ചായത്തിൽ നിന്ന് അലോട്ട് മെന്റ് മുഖേന ലഭ്യമാകുന്ന ഫണ്ടുകളും തനതുഫണ്ടും രേഖപ്പെടുത്തുന്നതിന് TR-7A മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ ആയുർവേദം സൂക്ഷിച്ചിരിക്കുന്നത് പെറ്റി ക്യാഷ് ബുക്കാണ് ആണ്.ഇതിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വരവ് ചെലവു വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമാകുന്ന ഫണ്ടുകളും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം TR-7A കാഷ്ബുക്കിൽ രേഖപ്പെടുത്തണമെന്ന് ജി.ഒ.(പി)177/2006/ധനം, തീയതി 12.4.2006 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തദ്ദേശസ്ഥാപനത്തിൽനിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.28.10.2015 വരെയുള്ള വിവരങ്ങൾ മാത്രമാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ ക്യാഷ് ബുക്ക് ക്ളോസ് ചെയ്യുന്നില്ല. സർക്കാർ മാർഗ്ഗനിർദേശ പ്രകാരമുള്ള TR 7A ക്യാഷ് ബുക്ക് ഉപയോഗിക്കേണ്ടതും ക്യാഷ് ബുക്കിലെ 1 മുതൽ 5വരെയുള്ള കോളങ്ങൾ വരവ് വിവരങ്ങളും 6മുതൽ 10 വരെയുള്ള കോളങ്ങളിൽ ചെലവ് വിവരങ്ങൾ എഴുതേണ്ടതുമാണ്.

## 3-24 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

കൊണ്ടാഴി ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 17878491 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 17878491 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 17878491 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 0 |

| | | |
|---|---|---|
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 457 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 252 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3123 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 99471 |
| 10 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 2280 |
| 11 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 171 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 17427541 |
| 13 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | - |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 58 | 5793740 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 17 | 2475293 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 29 | 2606846 |
| 4 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 32 | 1070767 |

| | | | |
|---|---|---|---|
| 5 | ഭൂവികസനം | 25 | 1595374 |
| 6 | മറ്റുള്ളവ | 269 | 2104991 |
| | ആകെ | | 17427841 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 125000 | - |
| -do- | -do- | 487206 | പ്ളാന്റേഷൻ കുടിവെള്ള പദ്ധതി | 487206 | 0 |
| -do- | 2015-16 | വിവരം ലഭ്യമായിട്ടില്ല | | | 159507 |

2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ സംയുക്ത പ്രൊജക്ടുകളിലെ ചെലവഴിക്കാത്ത ബാലൻസ് തുക 159507/- രൂപയുണ്ട്. ആയത് സംബന്ധിച്ച് വിവരം പഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടില്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ള്യൂ .ഡി ഇലക്ട്രിക്കൽ സെക്ഷൻ | മായന്നൂർ ഡി..സി കോളനി പകൽ വീട് ഇലക്ട്രിക്കൽ വർക്ക്. | 21501182,03/2016 | 95625 | 95625 | 0 |
| കെ.എസ്.ഈ.ബി | സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | 33/സെപ്റ്റംബർ/2015 | 101590 | 101590 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

-ഇല്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം .എസ് .ഭവന | സ.ഉ(സാധാ.നം 800/2010/ lsgd | 6821574 | 2633295 | 682150 | 826615 | 1951145 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | /09.03.2010 | | | | | |

# 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 1260രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 2-2(6) | 300 | പ്രൊജക്ട് മാനേജർ, നിർമ്മിതി കേന്ദ്ര | 11504100923/29.09.2015 |
| 2012-13 | 2-2(2) | 720 | കെ.എം.ഫ്യൂവൽസ്, പെട്രോൾ പമ്പ് | 11504100937/01.06.2015 |
| 2012-13 | 2-2(2) | 240 | കെ.എം.ഫ്യൂവൽസ്, പെട്രോൾ പമ്പ് | 11504100947/2.06.2015 |
| ആകെ | | 1260 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. -

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 1 | 2013-14 | 6.1.15 | പെർഫോമൻസ് ഗ്രാന്റ് | നിലവിൽ പെർഫോമൻസ് |

| | | | | | |
|---|---|---|---|---|---|
| | | | | | ഗ്രാന്റ് ലഭിക്കുന്നില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36715373/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45766870/- |
| വരവിനങ്ങളിലുള്ള നഷ്ടം | 1427/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2772000+150000 =2922000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 626 | - | ഡോ.ബിന്ദു.ടി.എൻ അസി.സെക്രട്ടറി |
| | 361 | - | കെ.ബി.രജി,സെക്രട്ടറി |
| 2-6 | 440 | - | ഡോ.ബിന്ദു.ടി.എൻ അസി.സെക്രട്ടറി |
| | 1427 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 445415<br>46585 | ഡോ.ബിന്ദു.ടി.എൻ,അസി.സെക്രട്ടറി<br>കെ.ബി.രജി, സെക്രട്ടറി |
| 3-10 | 700000 | കെ.ബി.രജി,സെക്രട്ടറി |
| | 380000 | ഡോ.ബിന്ദു.ടി.എൻ<br>അസി.സെക്രട്ടറി,(സെക്രട്ടറി ഇൻ ചാർജ്) |
| | 1200000 | കെ.ബി.രജി,സെക്രട്ടറി |
| 3-14 | 150000 | പ്രവീൺ. വി.ഇ.ഒ |
| ആകെ | 2922000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സംസ്ഥാന ലൈബ്രറി കൗൺസിലിനുണ്ടായ നഷ്ടം 22/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിന്ദു.ടി.എൻ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി,<br>കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | തേലക്കാട്ട് മന.മായന്നൂർ .പി.ഒ<br>തൃശ്ശൂർ |
| കെ.ബി.രജി<br>സെക്രട്ടറി | സെക്രട്ടറി,<br>അവണൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറത്ത് ഹൗസ്,<br>കോലഴി .പി.ഒ,തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| *1969-70*<br>*1970-71* | *എൽ.എഫ്.ഇ3 -2943/74/03.07.1984* |
| 1971-72 | *എൽ.എഫ്.ഇ3 -5011/74/13.05.1975* |
| 1972-73 | *എൽ.എഫ്.ഇ3 -1894/76/26.01.1997* |
| 1973-74 | *എൽ.എഫ്.ഇ3 -398/76/12.02.1976* |
| 1974-75 | *എൽ.എഫ്.ഇ3 -6775/76/06.06.1978* |
| 1975-76 | *എൽ.എഫ്.ഇ3 -5136/77/06.01.1978* |
| 1976-77 | *എൽ.എഫ്.ഇ3 -2535/82/11.06.1983* |
| 1977-78 | *എൽ.എഫ്.ടി.10 -2109/80/07.10.1980* |
| 1978-79 | *എൽ.എഫ്.ടി.10 -710/928/23.03.1981* |
| 1979-80 | *എൽ.എഫ്.ടി.13 -1574/82/15.09.1982* |
| 1980-81<br>1981-82<br>1982-83<br>1983-84<br>1984-85<br>1985-86 | *എൽ.എഫ്.ടി.(എസ്.2)90711/28.01.2012* |
| 1986-87<br>1987-88 | *എൽ.എഫ്.ടി.13 -1329/92/15.10.1992* |
| 1988-89<br>1989-90<br>1990-91 | *എൽ.എഫ്.ടി.13 -1488/93/25.02.1994* |
| 1991-92 | *എൽ.എഫ്.ടി.13 -627/93/03.12.1993* |

| | |
|---|---|
| 1992-93 | *എൽ.എഫ്.ടി.13 -368/96/31.03.1997* |
| 1993-94 | |
| 1994-95 | *എൽ.എഫ്.ടി.പി.4 -50/2014/14.03.14 /05.04.2014* |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-2001 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | *എൽ.എഫ്.ടി.പി.4 -1306/11/08.02.2012* |
| 2008-09 | *എൽ.എഫ്.ടി.പി.4 -1307/11/22.02.2012 /31.03.2012* |
| 2009-2010<br>2010-11 | *എൽ.എഫ്.ടി.പി.4 -1408/12/05.12.2012 /05.03.2013* |
| 2011-12 | *എൽ.എഫ്.ടി.പി.4 -2119/2013/12.05.2014 /07.08.2014* |
| 2012-13 | എൽ.എഫ്.ടി.പി.4 -1921/14 / 06.03.2015/ 01.04.2015 |
| 2013-14<br>2014-15 | നം .കെ.എസ്.എ ടി.എസ്.ആർ(പി 4)/405 /16.തിയ്യതി 02.04.2016/06.05.2016 |

## **അനുബന്ധം-1**

- നം.കെ.എസ്.എ.ടി.എസ്.ആർ (പി4 )2026/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 തിയ്യതി 22.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.

## അനുബന്ധം-2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No.KSA-TSR(P4 )/202616

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated 22.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kondazhy Gramapanchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kondazhy Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office,Thrissur